പതിനാലാം കേരള നിയമസഭ
പതിമൂന്നാം സമ്മേളനം
നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 4159
13.12.2018 ലെ മറുപടിയ്ക്ക്

## ദേശീയ പെൻഷൻ പദ്ധതിയുടെ പുനഃപരിശോധന

ചോദ്യം :
ശ്രീ.പി.സി.ജോർജ്
(എം.എൽ.എ)

ഉത്തരം :
ഡോ.തോമസ് ഐസക്ക്
(ബഹു.ധനകാര്യ വകുപ്പ് മന്ത്രി)

| | | |
|---|---|---|
| എ | ദേശീയ പെൻഷൻ പദ്ധതി പുനഃ പരിശോധിക്കുന്നതുമായി ബന്ധപ്പെട്ട് സർക്കാർ എന്തൊക്കെ പുതിയ തീരുമാനങ്ങളാണ് എടുത്തിട്ടുള്ളത് വിശദമാക്കാമോ ; | പങ്കാളിത്ത പെൻഷൻ പദ്ധതി പുന:പരിശോധിക്കുന്നതിനായി റിട്ട. ജില്ലാ ജഡ്ജി ശ്രീ.സതീഷ് ചന്ദ്രബാബു ചെയർമാനും; ശ്രീ.പി.മാരപാണ്ഡ്യൻ (റിട്ട. ഐ.എ.എസ്), പ്രൊഫ.ഡി.നാരായണ (ജി.ഐ.എഫ്.റ്റി ഡയറക്ടർ) അംഗങ്ങളുമായി ഒരു സമിതി രൂപീകരിച്ച്, പരിഗണനാ വിഷയങ്ങൾ ഉൾപ്പെടെ സമഗ്രമായി പ്രതിപാദിച്ചുകൊണ്ട് സർക്കാർ 07.11.2018-ലെ സ.ഉ(പി) നം. 172/2018/ധന. ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പങ്കാളിത്ത പെൻഷൻ പദ്ധതി പുന:പരിശോധനയുമായി ബന്ധപ്പെട്ട് രൂപീകരിച്ച സമിതിയ്ക്ക് പ്രസക്തമെന്ന് തോന്നുന്ന മുഴുവൻ വിഷയങ്ങളും പരിശോധിച്ച് വിശദമായ ഒരു റിപ്പോർട്ട് 6 മാസത്തിനകം സർക്കാരിന് സമർപ്പിക്കേണ്ടതാണെന്ന നിർദ്ദേശവും നൽകിയിട്ടുണ്ട്. |
| ബി | ടേംസ് ഓഫ് റഫറൻസിൽ പ്രതിപാദിക്കപ്പെടാത്ത വിഷയങ്ങൾ കമ്മിറ്റിയുടെ പരിഗണയ്ക്ക് വന്നാൽ പ്രസ്തുത വിഷയങ്ങളിൽ തീരുമാനം എടുക്കുമോ വിശദമാക്കുമോ ? | |
| സി | ദേശീയ പെൻഷൻ പദ്ധതി പുനഃ പരിശോധിക്കുവാനുള്ള കമ്മറ്റിയിൽ ആരെയൊക്കെയാണ് നിയമിച്ചിരിക്കുന്നത് വിശദമാക്കാമോ? | |

സെക്ഷൻ ഓഫീസർ